**കേരള സർക്കാർ**

സംഗ്രഹം

ഫിക്സഡ് ലാന്റ് ലൈനിന്റെ അഭാവത്തിലും -ബി.എസ്.എൻ.എൽ ഉൾപ്പെടെയുള്ള മൊബൈൽ ഫോൺ കണക്ഷനുകൾ വസതിയിലെ ഔദ്യോഗിക ടെലഫോണിന്റെ പരിധിയിൽപ്പെടുത്തുന്നത് — ഉത്തരവാകുന്നു.

**ധനകാര്യ (രഹസ്യ) വകുപ്പ്**

സ.ഉ.(പി) നം.173/2016/ധന    തീയതി: തിരുവനന്തപുരം 21.11.2016

പരാമർശം: 1. 30.01.2003ലെ സ.ഉ.(പി) നം. 70/2003/ധന
2. 22.06.2016ലെ സ.ഉ.(പി) നം. 87/2016/ധന

**ഉത്തരവ്**

സർക്കാർ ചെലവിൽ സെല്ലുലാർ ഫോൺ ലഭ്യമായ ഉദ്യോഗസ്ഥർ ബി.എസ്.എൻ.എൽ കണക്ഷനല്ല ഉപയോഗിക്കുന്നതെങ്കിൽ ബി.എസ്.എൻ.എൽ കണക്ഷനിലേക്ക് മാറണമെന്ന് പരാമർശം 1 പ്രകാരം ഉത്തരവായിരുന്നു. മൊബൈൽ ഫോൺ ചാർജ്ജ്, ഇന്റർനെറ്റ് ചാർജ്ജ്, ലാന്റ് ലൈനിന്റെ ഫിക്സഡ് ചാർജ്ജ്, എന്നിവയുൾപ്പെടെ ഔദ്യോഗിക ടെലഫോൺ കണക്ഷനുകളുടെ കോൾ ചാർജ്ജ് പരിധി പ്രതിമാസം 840 രൂപയായി നിജപ്പെടുത്തി പരാമർശം 2 പ്രകാരവും ഉത്തരവായിരുന്നു.

ഫിക്സഡ് ലാന്റ് ലൈനിന്റെ അഭാവത്തിലും വസതിയിലെ ഔദ്യോഗിക ഫോൺ എന്ന നിലയിൽ മൊബൈൽ ഫോൺ ഉപയോഗിക്കുന്നതിനും ബി.എസ്.എൻ.എൽ ഉൾപ്പെടെ മികച്ച സേവനം നൽകുന്ന മറ്റ് സേവന ദാതാക്കളുടെ കണക്ഷൻ കൂടി ഉപയോഗിക്കുന്നതിന് അനുവാദം നൽകണമെന്നുമുള്ള ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെയടിസ്ഥാനത്തിൽ വകുപ്പ് തലവന്റെ അനുമതിയോടെ ഫിക്സഡ് ലാന്റ് ലൈനിന്റെ അഭാവത്തിലുൾപ്പെടെ വസതിയിലെ ഔദ്യോഗിക ഫോൺ എന്ന നിലയിൽ മൊബൈൽ ഫോൺ ഉപയോഗിക്കുന്നതിനും, ബി.എസ്.എൻ.എൽ അല്ലെങ്കിൽ മികച്ച സേവനം നൽകുന്ന മറ്റൊരു സേവനദാതാവിന്റെ മൊബൈൽ കണക്ഷൻ ഉപയോഗിക്കുന്നതിനും, അസ്സൽ ബിൽ/ഇൻവോയിസ് ഹാജരാക്കി റീ-ഇംബേഴ്സ് ചെയ്യുന്നതിനും പരാമർശം 2 ന് വിധേയമായി അനുവാദം നൽകി ഉത്തരവാകുന്നു.

ഈ ഉത്തരവിന് 2016 ജൂലൈ 1 മുതൽ പ്രാബല്യമുണ്ടായിരിക്കും.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**മിൻഹാജ് ആലം ഐ.എ.എസ്.**
**ധനകാര്യ റിസോഴ്സസ് സെക്രട്ടറി**

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ &ഇ) കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി. &എസ്.എസ് എ) കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ) കേരള, തിരുവനന്തപുരം
എല്ലാ വകുപ്പ് /ഓഫീസ് തലവൻമാർക്കും
നിയമം ഉൾപ്പെടെ സെക്രട്ടറിയേറ്റിലെ എല്ലാ വകുപ്പ് തലവൻമാർക്കും സെക്ഷനുകൾക്കും.
ട്രഷറി ഡയറക്ടർ, ട്രഷറി ഡയറക്ടറേറ്റ്, തിരുവനന്തപുരം.
സെക്രട്ടറി, കേരള പബ്ളിക്ക് സർവ്വീസ് കമ്മിഷൻ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
സെക്രട്ടറി, കേരള സംസ്ഥാന വൈദ്യുതി ബോർഡ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)
മാനേജിംഗ് ഡയറക്ടർ, കെ.എസ്.ആർ.റ്റി.സി, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ഉപരിപത്രം സഹിതം)
രജിസ്ട്രാർ, കേരള/ കൊച്ചിൻ/ കാലിക്കട്ട് /കണ്ണൂർ /കേരള കാർഷിക/ ശ്രീശങ്കരാ സംസ്കൃത സർവ്വകലാശാല (ഉപരിപത്രം സഹിതം)
എല്ലാ സെക്രട്ടറിമാർക്കും, അഡീഷണൽ സെക്രട്ടറിമാർക്കും, ജോയിന്റ് സെക്രട്ടറിമാർക്കും,
ഡെപ്യൂട്ടി സെക്രട്ടറിമാർക്കും, അണ്ടർ സെക്രട്ടറിമാർക്കും,
ഗവർണറുടെ സെക്രട്ടറി.
മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി, മറ്റ് മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറിമാർ, ചീഫ് വിപ്പിന്റെ പ്രൈവറ്റ് സെക്രട്ടറി,
പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറി.
സ്പീക്കറുടെ / ഡെപ്യൂട്ടി സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി.
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറി
നോഡൽ ഓഫീസർ, **www.finance.kerala.gov.in**
ഓഫീസ് പകർപ്പ് / സൂക്ഷിപ്പ് ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ